പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2348 27-10-2026-ൽ മറുപടിയ്ക്ക്

താനൂർ നിയോജക മണ്ഡലത്തിലെ സബ്സ്റ്റേഷനുള്ള സ്ഥലം ഏറ്റെടുക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) താനൂർ നിയോജകമണ്ഡലത്തിലെ താനൂർ 33 കെ.വി. സബ്സ്റ്റേഷൻ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

മറുപടി: താനൂർ നിയോജക മണ്ഡലത്തിൽ താനൂർ 33 kv സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലമെടുപ്പിന് സർക്കാർ അനുമതി നല്കുന്ന മുറയ്ക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തിരം ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(ബി) താനൂർ നിയോജകമണ്ഡലത്തിലെ പൊന്മുണ്ടം 110 കെ.വി. സബ്സ്റ്റേഷൻ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ വിശദീകരിക്കാമോ;

മറുപടി: താനൂർ നിയോജക മണ്ഡലത്തിലെ പൊൻമുണ്ടം 110 kv സബ്സ്റ്റേഷൻ പദ്ധതിക്കായുള്ള സ്ഥലമെടുപ്പിനായുള്ള ടെക്നിക്കൽ കമ്മിറ്റി നിർദ്ദിഷ്ട സ്ഥലമെടുപ്പുമായി മുന്നോട്ട് പോകാൻ തത്വത്തിൽ തീരുമാനിച്ചു. നിർദ്ദിഷ്ട സബ്സ്റ്റേഷന്റെ സാധ്യത പഠനം നടന്നു വരുന്നു.

(സി) താനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ താൽക്കാലികമായും കരാറടിസ്ഥാനത്തിലും സേവനം ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ, അവർ ജോലി ചെയ്യുന്ന ഓഫീസ്, തസ്തിക എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മറുപടി: മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിനു കീഴിലുള്ള വിവിധ സബ്സ്റ്റേഷനുകളിലും ഓഫീസിലും work contract മുഖേന നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

Shift Operator	70
Shift Assistant	50
Sub Engineer	28
Ele. Worker	47
Sweeper	36
Technical Security	72
Night Duty Assistant	18
JFCA	2
OA	1

കെ.എസ്.ഇ.ബി.എൽ ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് മൂലമുള്ള ഒഴിവുകളിൽ ചെയ്യേണ്ട പ്രവൃത്തികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നല്കി വരുന്നത്.

സെക്ഷൻ ഓഫീസർ